# Malayala Manorama

# 15 August 2018

# Aluva: Water level rises, Periyar



# ജലനിരപ്പ് ഉയർന്നു; ഒന്നര മീറ്ററിലേറെ

ആലുവ • അണക്കെട്ടുകൾ തുറന്നതിനെത്തുടർന്നു പെരിയാറിൽ ജലനിരപ്പ് ഒന്നര മീറ്ററിലേറെ ഉയർന്നു. ഇനിയും കൂടിയാൽ അഞ്ചു വർഷം മുൻപത്തെ വെള്ളപ്പൊക്കം ആവർത്തിച്ചേക്കും എന്ന ആശങ്കയിലാണ് ജനങ്ങളും ജില്ലാ ഭരണകൂടവും. പാലസിൽ ക്യാംപ് ചെയ്യുന്ന കലക്ടർ മുഹമ്മദ് സഫിറുല്ല, അടിയന്തര സാഹചര്യമുണ്ടായാൽ നേരിടുന്നതിനു സഹായം തേടി അൻവർ സാദത്ത് എംഎൽഎയുമായി ചർച്ച നടത്തി. പുഴയോരത്തു താമസിക്കുന്നവരോട് അതീവ ജാഗ്രത പുലർത്തണമെന്ന് അറിയിക്കാൻ അതതു പ്രദേശത്തെ ജനപ്രതിനിധികളെ ചുമതലപ്പെടുത്തി. ജോലി കഴിഞ്ഞു വീടുകളിലേക്കു പോയ തഹസിൽദാരും വില്ലേജ് ഓഫിസർമാരും ഉൾപ്പെടെയുള്ള റവന്യു ജീവനക്കാരോട് ഉടൻ ആലുവയിൽ തിരികെയെത്താൻ നിർദേശിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ ഇടമലയാർ, ചെറുതോണി അണക്കെട്ടുകൾ തുറന്നപ്പോൾ പ്രതീക്ഷിച്ച അത്രയും ജലപ്രളയം ഉണ്ടായില്ല.

താഴ്ന്ന പ്രദേശങ്ങളിൽ മാത്രമേ വെള്ളം കയറിയുള്ളൂ. കർക്കടക വാവിന്റെ തലേന്നത്തെക്കാളും മുകളിലാണ് ഇപ്പോൾ ജലനിരപ്പ്. വൈകിട്ടു മുതൽ വെള്ളം കൂടുന്നതല്ലാതെ ഒട്ടും കുറയുന്നില്ല. കടലിലേക്കുള്ള ഒഴുക്കു കുറഞ്ഞെന്നാണ് നിഗമനം.

തിരുവതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലും ഇന്നു രാവിലെ ആറിനാണ് നിറപുത്തരി ആഘോഷം. എന്നാൽ, വെള്ളം കയറിക്കൊണ്ടിരിക്കുന്നതിനാൽ മണപ്പുറം ശിവക്ഷേത്രത്തിൽ ഉണ്ടാവില്ല. സമീപകാലത്ത് ആദ്യമായാണ് ഇവിടെ നിറപുത്തരി പൂജ മുടങ്ങുന്നത്.